മൃഗാശുപത്രികളിൽ കെ. ജി. ഒ. പാസ്സായവരെ നിയമിക്കുന്നതിന് നടപടി

49 [2072] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യത്തിന് ക്ഷീരവ്യം സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൃഗസംരക്ഷണ വകുപ്പിലെ മൃഗാശുപത്രികളിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, പൗൾട്രി അസിസ്റ്റൻറ് എന്നീ തസ്തികയിൽ കെ. ജി. ഒ. പാസ്സായവരെ നിയമിക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

മൃഗാശുപത്രികളിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, പൗൾട്രി അസിസ്റ്റൻറ് എന്നീ തസ്തികകളിൽ കെ. ജി. ഒ. പാസ്സായവരെ നിയമിക്കുന്നത് സംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

മൃഗസംരക്ഷണ ഡയറക്ടറാഫീസിന്റെ കെട്ടിടം

50 [2073] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവ്യം സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ആഫീസ് വളപ്പിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറാഫീസ് കെട്ടിടം പണി ആരംഭിച്ചത് എന്നാണ്;

(ബി) ഈ മന്ദിരത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഈ മന്ദിരത്തിന്റെ പണി എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) ജില്ലാമൃഗസംരക്ഷണ ആഫീസ് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന മന്ദിരം അറ്റകുറ്റപണികൾ നടത്തിയിട്ട് എത്ര കാലമായി;

(ഇ) ഈ മന്ദിരം അടിയന്തിരമായി അറ്റകുറ്റപണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിന് ഒരു ഹാൾ പണിയുന്നതിനുള്ള ജോലി 1973-ൽ ആരംഭിച്ചു.

(ബി) പണി പൂർത്തിയായിട്ടില്ല. മേൽക്കൂരയുടെ കോൺക്രീറ് വാർത്തു കഴിഞ്ഞു.

(സി) പണിയുടെ നടത്തിപ്പ് പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലാകയാൽ ആ വകുപ്പിന് മാത്രമേ ഈ മന്ദിരത്തിന്റെ നിർമ്മാണത്തെപ്പറ്റി പറയാൻ കഴിയൂ.

(ഡി) രണ്ടു വർഷമായി.

(ഇ) സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly